എസി.എച്ച്/2024 02/08/2024

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബി എഡ് പ്രവേശനം - 2024

## സ്പോർട്സ് ക്വാട്ട സീറ്റിലേക്കും മറ്റ് ഒഴിവുള്ള സീറ്റിലേക്കുമുള്ള സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 06 ന് എസ്.എൻ കോളേജ് കൊല്ലത്ത് വച്ച്.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെൻറ്, എയ്ഡഡ് കെ.യു.സി.ടി.ഇ. കോളേജുകളിലെ ഒന്നാം വർഷ ബി.എഡ് കോഴ്സുകളിൽ **സ്പോർട്സ് ക്വാട്ട സീറ്റിലേക്കും മറ്റ് ഒഴിവുള്ള സീറ്റിലേക്കും (കെ.യു.സി.ടി.ഇ മാനേജ്മെന്റ് ക്വാട്ട ഉൾപ്പെടെ)** സ്പോട്ട് അലോട്മെന്റ് **06/08/2024 ന് എസ്.എൻ കോളേജ് കൊല്ലത്ത്** വച്ച് നടത്തുന്നതാണ്. അർഹരായ വിദ്യാർത്ഥികൾ മതിയായ രേഖകൾ സഹിതം **ആഗസ്റ്റ് 06ന് രാവിലെ 10 മണിക്കു മുൻപായി എസ്.എൻ കോളേജ്, കൊല്ലത്ത് ഹാജരാകേണ്ടതാണ്.** ഓൺലൈനിൽ അപേക്ഷിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവ ഇല്ലാത്തപക്ഷം വിദ്യാർത്ഥികൾ **അലോട്ട്മെന്റ്** പ്രക്രിയയിൽ നിന്ന് പുറത്താകുന്നതാണ്.

സ്പോട്ട് അലോട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ് . ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ വിദ്യാർത്ഥികൾക്ക് നേരിട്ട് ഹാജരാകാൻ സാധിക്കാത്ത പക്ഷം വിദ്യാർത്ഥികൾ നൽകുന്ന സാക്ഷ്യപത്രവുമായി രക്ഷകർത്താവിന് ഹാജരാകാവുന്നതാണ്.

**നിലവിൽ കേരള സർവകലാശാലക്ക് കീഴിലുള്ള ഏതെങ്കിലും ബി എഡ് കോളേജിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷനിൽ തുടരുന്ന ( മാനേജ്മെന്റ് ക്വാട്ട ഉൾപ്പെടെ) വിദ്യാർഥികളെ ഈ സ്പോട്ട് അലോട്ട്മെൻറ്റിൽ പരിഗണിക്കുന്നതല്ല (ഡിഫറന്റ്ലി ഏബിൾഡ്, ബ്ലൈൻഡ് വിദ്യാർത്ഥികൾക്ക് ഈ നിബന്ധന ബാധകമല്ല).**

സ്പോർട്സ് ക്വാട്ട, ഡിഫൻസ് ക്വാട്ട തുടങ്ങി (ഇ ഡബ്ല്യൂ എസ് ഒഴികെ) ഒഴിവു വരുന്ന എല്ലാ സീറ്റുകളും ജനറൽ മെറിറ്റ് സീറ്റിലേക്ക് പരിവർത്തനം നടത്തി അലോട്ട്മെൻറ് പ്രക്രിയ പൂർത്തിയാകുന്നതാണ്.

Sd/-

**രജിസ്ട്രാർ**